## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4825 27.06.2014 ൽ മറുപടിക്ക്

## ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ചുമതലകൾ

**ചോദ്യം**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**ശ്രീ.മുല്ലക്കര രത്നാകരൻ**
**ശ്രീ. കെ.അജിത്**
**ശ്രീ. ജി.എസ്.ജയലാൽ**

എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ചുമതലകൾ എന്തെല്ലാം ;

**ഉത്തരം**

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ, പശുക്കളിൽ കൃത്രിമ ബീജസങ്കലന പ്രവർത്തനങ്ങൾ, ഫീൽഡ് സന്ദർശനം, മിൽക്ക് റെക്കാർഡിംഗ്, കന്നുകുട്ടികളുടെ ജനനം രേഖപ്പെടുത്തൽ, സാമ്പിൾ സർവ്വെ, എ.ഡി.സി.പി, അസ്കാഡ് വാക്സിനേഷൻ നടത്തുക, പൗൾട്രി യൂണിറ്റ്, ലൈവ്സ്റ്റോക്ക് ഫാം, പന്നി ഫാം എന്നിവിടങ്ങളിലെ വെറ്ററിനറി സർജനെ സഹായിക്കുക, പുൽകൃഷി, മൃഗങ്ങളുടെയും കോഴികളുടെയും തീറ്റ പരിപാലനം, അവയുടെ വില്പന, ഉൽപ്പന്നങ്ങളുടെ വില്പന, കാളകളുടെയും കന്നുകുട്ടികളുടെയും പരിശോധനയിൽ വെറ്ററിനറിസർജനെ സഹായിക്കുക, മൃഗങ്ങൾക്ക് പ്രാഥമിക ചികിത്സ നൽകുക, വെറ്ററിനറി സർജന്റെ നിർദ്ദേശ പ്രകാരം വാക്സിനേഷനും കുത്തിവയ്പ്പും നടത്തുക, ലൈവ്സ്റ്റോക്കിന്റെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങളിൽ വെറ്ററിനറി സർജനെ സഹായിക്കുക, മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും വാക്സിനേഷന്റെ പരസ്യ പ്രചാരണം നടത്തുക, വെറ്ററിനറി സർജൻ തുടങ്ങിയ സീനിയർ ഓഫീസേഴ്സിനെ ഓഫീസ് ജോലിയിൽ സഹായിക്കുക, അതാത് സ്ഥാപനങ്ങളിലെ രജിസ്റ്ററുകളും റെക്കാർഡുകളും ബന്ധപ്പെട്ട ഓഫീസറന്മാരുടെ അംഗീകാരത്തിനു വിധേയമായി എഴുതി സൂക്ഷിക്കുക, വെറ്ററിനറി സർജൻ പ്രിസ്ക്രൈബ് ചെയ്യുന്ന മരുന്നുകൾ ഡിസ്പെൻസ് ചെയ്യുക, മൃഗാശുപത്രികളിലെ ഉപകരണങ്ങൾ വൃത്തിയായി സൂക്ഷിക്കുക,

| | |
|---|---|
| | മൃഗങ്ങളെ പരിശോധനയ്ക്കായി കൺട്രോൾ ചെയ്യാൻ വെറ്ററിനറി സർജനെ സഹായിക്കുക എന്നിവയാണ് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ചുമതലകൾ. |
| ബി) മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ തൊഴിൽസുരക്ഷ ഉറപ്പുവരുത്തുന്നതിനും മേന്മയേറിയ സേവനം കർഷകർക്ക് ലഭ്യമാക്കാനും കേരളത്തിൽ പാരാവെറ്ററിനറി കൗൺസിൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) ഇല്ല |
| സി) വകുപ്പിലെ വെറ്ററിനറി സബ് സെന്ററുകൾ നിയന്ത്രിക്കുന്ന ആർ.എ.ഐ.സി--കൾ പുന:സ്ഥാപിക്കുവാനുള്ള തീരുമാനമുണ്ടോ ; | സി) ആർ.എ.ഐ.സി.കൾ നിലവിൽ ആർ.എ.എച്ച്.സി. ആയി പ്രവർത്തിക്കുന്നുണ്ട്. |
| ഡി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുള്ള ചുമതലകൾ വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | ഡി) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിലും സംസ്ഥാനകേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലും, ത്രിതല പഞ്ചായത്ത് പദ്ധതികളിലും, ബ്രീഡിംഗ് പദ്ധതികളുടെ നടത്തിപ്പിലും, ഓഫീസ് മാനേജ്മെന്റിലും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം കൂടി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**